# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ:34

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരേ,

മാർത്തോമ്മാ, സി.എസ്.ഐ., സി.എൻ.ഐ. സഭകൾ ചേർന്ന് പ്രവർത്തിക്കുന്ന സഭൈക്യപ്രസ്ഥാനമാണ് Communion of Churches in India (C.C.I.). സഭകൾ തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിനും പ്രാദേശിക തലങ്ങളിൽ ക്രിസ്തുവിലുള്ള ഐക്യം സാക്ഷ്യപ്പെടുത്തുന്നതിനും ദൗത്യ നിർവഹണത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനും സഹായകരമായ പരിപാടികൾ ആവിഷ്കരിച്ച് നടത്തിവരുന്നു.

എല്ലാവർഷവും നവംബർ മാസത്തിലെ രണ്ടാം ഞായറാഴ്ച സഭൈക്യ പ്രാർത്ഥനാദിനമായി മൂന്ന് സഭകളും ആചരിച്ചു വരികയാണല്ലോ. ഈ വർഷം അത് നവംബർ 14-ാം തീയതി ഞായറാഴ്ചയാണ്. അതിന്റെ ഭാഗമായി നമ്മുടെ എല്ലാ ഇട വകകളിലും സഭാ ഐക്യത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള വചനഘോഷണം നടത്തുകയും, സാദ്ധ്യമായ സ്ഥലങ്ങളിൽ സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മ ഇടവകാംഗങ്ങളുടെ ഒരുമിച്ചുള്ള ആരാധന, വിശുദ്ധകുർബാന, പട്ടക്കാരുടെ Pulpit exchange, ഐക്യ പ്രാർത്ഥനാകൂട്ടങ്ങൾ തുടങ്ങിയവ ക്രമീകരിക്കുന്നതിന് ശ്രമിക്കണം

ഭാരതത്തിൽ ക്രൈസ്തവ സഭകളിൽകൂടെ നിർവ്വഹിക്കപ്പെടുന്ന പ്രേഷിത പ്രവർത്തനം ദൈവമഹത്വത്തിനായി പൂർവ്വാധികം ഫലപ്രദമായിത്തീരുവാൻ പരിശുദ്ധാത്മാവിന്റെ നടത്തിപ്പും ശക്തിയും വർദ്ധിച്ച അളവിൽ അനുഭവമാകട്ടെ എന്നു പ്രാർത്ഥിക്കാം. സഭൈക്യത്തിനായുള്ള നമ്മുടെ പരിശ്രമങ്ങൾ മുഖാന്തരം ദൈവരാജ്യം എന്ന വിശാല ദർശനത്തിൽ, വിശ്വസാഹോദര്യത്തിന്റെ മാനങ്ങൾ ഉൾക്കൊണ്ട് സകല സൃഷ്ടിയെയും ക്രിസ്തുവിൽ ഒന്നാക്കിതീർക്കുന്ന സൃഷ്ടിസമഗ്രതക്ക് വേണ്ടി പ്രവർത്തിക്കുവാനും ദൈവം നമുക്കിടയാക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2021 നവംബർ 2–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**